**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4321 — 24.10.2016 – ൽ മറുപടിയ്ക്ക്

**അവശരും രോഗികളും ദുർബലരുമായ ജനവിഭാഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ എന്തെല്ലാം പദ്ധതികളാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും (സി) യും | സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധം 1 ആയി ചേർക്കുന്നു.<br>കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധം 2 ആയി ചേർക്കുന്നു.<br>കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധം 3 ആയും NISH നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം 4 ആയും ചേർക്കുന്നു.<br>കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. സ്വയം തൊഴിൽ വായ്പാ പദ്ധതി<br>2. റീച്ച്-റിസോഴ്സ് എൻഹാൻസ് മെന്റ് ഫോർ കരിയർ ഹൈറ്റ്സ് (ഫിനിഷിംഗ് സ്കൂൾ)<br>3. സംരംഭകത്വ വികസന പരിശീലനം.<br>4. ഷീ ടോയ് ലറ്റ്.<br>5. വനിതാ ഹോസ്റ്റലുകൾ.<br><br>സാമൂഹ്യനീതി വകുപ്പ്, സാമൂഹ്യക്ഷേമ ബോർഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ<br>കേരള സർക്കാരിന്റെ ജെൻഡർ അവയർനസ്സ് പദ്ധതിയുടെ ഭാഗമായി ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005-ന്റെ ഫലപ്രദമായ നടത്തിപ്പിനായി ബോർഡിനു കീഴിൽ പ്രവർത്തിക്കുന്ന സർവ്വീസ് പ്രൊവൈഡിംഗ് |
| (ബി) | പ്രസ്തുത പദ്ധതികൾ പ്രകാരം അവശരും രോഗികളും, ദുർബലരുമായ ജനവിഭാഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് എന്ന് വിശദീകരിക്കാമോ; | | |
| (സി) | പ്രസ്തുത ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് നൽകുമ്പോൾ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | സെന്ററുകളിലും ഷെൽട്ടർഹോമുകളിലും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെയും നിയമ ബിരുദധാരികളായ ലീഗൽ കൗൺസിലർമാരുടെയും സൗജന്യ സേവനം ലഭ്യമാക്കുന്ന പദ്ധതിയും അനുബന്ധപരിപാടികളും നടത്തി വരുന്നു. കേരളത്തിൽ വിവിധ ജില്ലകളിലായി 101 സർവ്വീസ് പ്രൊവൈഡിങ്ങ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.<br><br><u>ജെൻഡർ അവയർനസ്സ് പ്രോഗ്രാം (ഷെൽട്ടർ ഹോമുകൾ)</u><br>ജെൻഡർ അവയർനസ്സ് പദ്ധതിയുടെ കീഴിൽ ഗാർഹിക പീഡനത്തിനിരയാകുന്ന വനിതകൾക്ക് ആവശ്യമായ കൗൺസലിംങ്ങും ആഹാരവും വസ്ത്രവും താൽക്കാലിക താമസവും നിയമസഹായവും ചിലപ്പോൾ പ്രത്യേക വൈദ്യസഹായവും തൊഴിൽ പരിശീലനവും നൽകേണ്ടത് അത്യാവശ്യമായതിനാൽ ഗാർഹിക പീഡനത്തിന് ഇരയായവർക്ക് മാത്രമായി ഓരോ ജില്ലയിലും തെരഞ്ഞെടുത്ത സന്നദ്ധ സംഘടനകൾക്ക് ഒരു പ്രത്യേക ഷെൽട്ടർ ഹോം ആരംഭിക്കുന്നതിന് സാമൂഹ്യക്ഷേമ ബോർഡ് 2014-15 വർഷം മുതൽ സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ ഗ്രാന്റ് അനുവദിക്കുന്നു. സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളിലോ പ്രൊട്ടക്ഷൻ ഓഫീസറുടെ അടുത്തോ എത്തുന്ന ഗാർഹികപീഡനത്തിന് ഇരയായ വനിതകളെയാണ് ഷെൽട്ടർഹോമുകളിൽ പാർപ്പിക്കുന്നത്. കേരളത്തിൽ വിവിധ ജില്ലകളിലായി 16 ഷെൽട്ടർഹോമുകൾ പ്രവർത്തിച്ചുവരുന്നു. |
| (ഡി) | ഈ ആനുകൂല്യങ്ങൾ ലഭ്യമാകാൻ അർഹതപ്പെട്ട ആളുകൾ ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ; | (ഡി) | ദുരിതാശ്വാസ നിധി, വികലാംഗരായ കുട്ടികൾക്ക് സ്കോളർഷിപ്പ്, TG സ്കോളർഷിപ്പ്, വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് സ്കോളർഷിപ്പ്, വികലാംഗർക്ക് വിവാഹ ധനസഹായം, മിശ്ര വിവാഹ ധനസഹായം, വിധവാ പുനർവിവാഹം തുടങ്ങിയ പദ്ധതികളുടെ ആനുകൂല്യത്തിന് അതാത് ജില്ലാ |

| | | | |
|---|---|---|---|
| | | | സാമൂഹ്യനീതി ഓഫീസിലും, BPL കാരായ തടവുകാരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം ജയിൽ സൂപ്രണ്ടിന്റെ ശുപാർശയോടെ സാമൂഹ്യനീതി ഡയറക്ടറേറ്റിലും, ഗാർഹിക പീഡനത്തിനിരയായവർക്കുള്ള ധനസഹായത്തിന് അതാത് വുമൺ പ്രൊട്ടക്ഷൻ ഓഫീസർമാർക്കും, വിക്ടിം റിഹാബിലിറ്റേഷൻ പദ്ധതിയ്ക്ക് അതാത് ജില്ലാ പ്രൊബേഷൻ ഓഫീസർക്കും ബന്ധപ്പെട്ട അപേക്ഷ രേഖകൾ സഹിതം നൽകേണ്ടതാണ്. വികലാംഗക്ഷേമ കോർപ്പറേഷൻ വഴി നൽകി വരുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി കോർപ്പറേഷന്റെ അപേക്ഷാ ഫോറത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷാ ഫോറം നേരിട്ടോ, തപാൽ വഴിയോ, www.hpwc.kerala.gov.in എന്ന വെബ്സൈറ്റ് മുഖേനയോ ലഭിക്കുന്നതാണ്. |
| (ഇ) | പ്രവാസി മലയാളികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാണോ;എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ? | (ഇ) | ഇപ്പോൾ പിരഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

1 ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വികലാംഗർക്ക് ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്ന ചികിത്സാ ധനസഹായം പരമാവധി 5000/- രൂപവരെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ജില്ലാ സാമൂഹ്യ നീതി ഓഫീസ് മുഖേന മാനദണ്ഡങ്ങൾക്ക് വിധേയമായി നൽകി വരുന്നു.

2 ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വികലാംഗരായ പെൺകുട്ടികൾക്കും, പെൺമക്കളുടെ വിവാഹത്തിനായി വികലാംഗരായ മാതാപിതാക്കൾക്കും നൽകുന്ന വിവാഹ ധനസഹായം (10,000/-രൂപ) അപേക്ഷയുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ മുഖേന അനുവദിച്ച് നൽകുന്നു.

3 അന്ധരായ അഭിഭാഷകർക്ക് നൽകുന്ന Readers Allowance 2015-16 ൽ അപേക്ഷിച്ച (5 പേർക്കു നൽകി വരുന്നു)
ഒറ്റ തവണ Ex gratia – 3000/-
മാസം - 4000/-
അപേക്ഷ നേരിട്ട് സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ സ്വീകരിച്ച് തുടർ നടപടി സ്വീകരിച്ച് വരുന്നു.

4 വികലാംഗരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി യ്ക്ക് വേണ്ടിയുള്ള അപേക്ഷ സ്ഥാപന മേധാവി മുഖേന അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് അതാതു ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ അർഹതയുള്ള അപേക്ഷകൾക്ക് ആവശ്യപ്പെടുന്ന തുക 30.06.2016 തീയതിയിലെ സ.ഉ(ആർ.റ്റി) നം.269/2016/സാക്ഷേവ നമ്പർ ഉത്തരവ് പ്രകാരം ടി കാര്യാലയത്തിൽ നിന്നും അനുവദിച്ച് നൽകുന്നു.

5 വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി പ്രകാരം അപേക്ഷകൾ നിശ്ചിത അപേക്ഷാ മാതൃകയിൽ അംഗൻവാടി വർക്കർമാർ വഴി അതാത് CDPO മാർക്ക് സമർപ്പിക്കേണ്ടതും CDPO മാർ അന്വേഷണം നടത്തി അപേക്ഷ സാക്ഷ്യപ്പെടുത്തി ജില്ലാ ഓഫീസർമാർക്ക് നൽകേണ്ടതുമാണ്.
ഉപഭോക്താക്കൾ:- BPL വിഭാഗത്തിൽപ്പെട്ടവർ, വിവാഹമോചിതരായ വനിതകൾ, ഭർത്താവ് ഉപേക്ഷിച്ച് പോയവർ, ഭർത്താവിനെ കാണാതായ 1 വർഷം കഴിഞ്ഞവർ, നിയമപരമായി വിവാഹത്തിലൂടെയല്ലാതെ അമ്മമാരായവർ, ഭർത്താവിന് നട്ടെല്ലിന് ക്ഷതമേറ്റ്/പക്ഷാഘാതം മൂലം ജോലി ചെയ്യുവാനും കുടുംബം പുലർത്താനും കഴിയാത്ത വിധം കിടപ്പിലായ കുടുംബങ്ങളിലെ വനിതകൾ തുടങ്ങിയവർ.

1. 1 മുതൽ 5 -ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് - അദ്ധ്യയന വർഷം 3000/-
2. 6 മുതൽ 10 -ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് - " 5000/-
3. +1 മുതൽ +2 വരെയുള്ള കുട്ടികൾക്ക് - " 7500/-
4. ബിരുദ വിദ്യാർത്ഥികൾക്ക് - " 10,000/-

6 മംഗല്യ വിധവാ പുനർവിവാഹം ധനസഹായം ഉപഭോക്താക്കൾ:- ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ ഭർത്താവിന്റെ മരണം മൂലം വിധവയായവരും നിയമപ്രകാരം വിവാഹബന്ധം വേർപ്പെടുത്തിയതു നിമിത്തം വിധവയ്ക്ക് സമാനമായി തീർന്നിട്ടുള്ള കുടുംബത്തിൽപ്പെട്ട

വനിതകളും 1.04.2007 ന് ശേഷം പുനർവിവാഹം നടത്തിയിട്ടുള്ളവർ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. പ്രായപരിധി 18-50 വയസ്സ്, ധനസഹായം - 25000/-രൂപ. അപേക്ഷകൾ താഴെപ്പറയുന്ന രേഖകൾ സഹിതം അപേക്ഷകർ താമസിക്കുന്ന ബ്ലോക്കിലെ CDPO മുഖേന ജില്ലാ സാമൂഹ്യ നീതി ഓഫീസർ വഴി സാമൂഹ്യ നീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

7 SC/ST ഒഴികെയുള്ള വിഭാഗത്തിൽ മിശ്ര വിവാഹം ചെയ്തതു മൂലം സാമ്പത്തിക ദുരിതം അനുഭവിക്കുന്ന ദമ്പതിമാർക്ക് വിവാഹ ധനസഹായം

വരുമാന പരിധി - 50000/-

ധനസഹായം - 30,000/-

മിശ്രവിവാഹിതർ വിവാഹം കഴിഞ്ഞ് ഒരു വർഷം പൂർത്തിയാക്കിയതിന് ശേഷവും രണ്ട് വർഷത്തിനകവുമാണ് അപേക്ഷ സമർപ്പിക്കേണ്ട സമയ പരിധി. ധനസഹായം ജില്ലാ സാമൂഹ്യനീതി ഓഫീസ് മുഖേന അതാത് കോർപ്പറേഷൻ/പഞ്ചായത്ത്/മനിസിപ്പാലിറ്റികൾ വഴി നൽകി വരുന്നു.

അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

1. ദമ്പതിമാരുടെ ജാതി സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.

2. വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വരുമാന സർട്ടിഫിക്കറ്റ്.

3. മിശ്രവിവാഹം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റിന്റെ പകർപ്പ് (കോർപ്പറേഷൻ, പഞ്ചായത്ത്/മുനിസിപ്പാലിറ്റി)

4.ദമ്പതിമാർ ഒരുമിച്ച് താമസിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തിയ ഗസറ്റഡ് ഓഫീസർറുടെയോ/ MP/MLA യുടെയോ സർട്ടിഫിക്കറ്റ്.

8 സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന അംഗീകാരമുള്ള ഓർഫനേജുകൾക്കും ഓൾഡേജ് ഹോമുകൾ തുടങ്ങിയവയ്ക്കു സ്ഥാപന മേധാവികൾ അപേക്ഷിക്കുന്ന മുറയ്ക്ക് പിരശോധന നടത്തി ഗ്രാന്റ് അതാതു ജില്ലാ സാമൂഹ്യനീതി ഓഫീസർ മുഖേന നൽകി വരുന്നു.

9 <u>ട്രാൻസ് ജെന്റർ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്</u>

സർക്കാർ/സർക്കാർ എയിഡഡ്/സെൽഫ് ഫിനാൻസ് വിദ്യാലയങ്ങളിൽ പഠിക്കുന്ന ട്രാൻസ് ജെന്റർ ആയ വിദ്യാർത്ഥികൾക്ക് 7 മുതൽ 10 -ാം ക്ലാസ്സ് വരെയുള്ളവർക്ക് ഒരു അദ്ധ്യയന വർഷം 10,000/-, +1മുതൽ +2 വരെയുള്ളവർക്ക് - 15000/-, ഡിപ്ലോമ, ഡിഗ്രി, പി.ജി. വിദ്യാർത്ഥികൾക്ക് - 20,000/-

അപേക്ഷകൾ ജില്ലാ സാമൂഹ്യനീതി ഓഫീസിൽ നൽകേണ്ടതാണ്.

10 വിദ്യാർത്ഥികളുടെ പഠന പ്രോത്സാഹനത്തിനായി സ്പോൺസർഷിപ്പ് പദ്ധതി ഐ.സി.പി.എസ്സിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്നു.

വിശദീകരണം : സമൂഹത്തിലെ വിഷമ സാഹചര്യത്തിൽപ്പെട്ട കുട്ടികൾക്കു മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ലഭ്യമാക്കുന്നതിന് സഹായിക്കുന്ന പദ്ധതിയാണ് സ്പോൺസർഷിപ്പ്. ചില കാരണങ്ങളാൽ സ്കൂളുകളിൽ പോകാൻ സാധിക്കാത്തതോ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാത്തതോ ആയ കുട്ടികൾക്ക് അവരവരുടെ കുടുംബങ്ങളിൽ താമസിച്ചു കൊണ്ട് തന്നെ സ്കൂളിൽ പോയി വിദ്യാഭ്യാസം പൂർത്തിയാക്കുവാൻ സഹായിക്കുന്നു. സാമ്പത്തികമായ പിന്നോക്കാവസ്ഥ കാരണം കുടുംബങ്ങളിൽ നിന്നും ബാല നീതി സ്ഥാപനങ്ങളിലേയ്ക്ക് എത്തിപ്പെടുന്ന കുട്ടികളെ തിരിച്ച് അവരുടെ വീടുകളിലേയ്ക്ക് എത്തിയ്ക്കുകയും അവരുടെ അടിസ്ഥാന ആവശ്യങ്ങൾക്ക് സാമ്പത്തിക സഹായം എത്തിയ്ക്കുകയുമാണ് ഈ പദ്ധതി മുഖാന്തിരം ചെയ്യുന്നത്. സ്പോൺസർഷിപ്പ് പദ്ധതി പ്രകാരം ഓരോ കുട്ടിയ്ക്കും പ്രതിമാസം 2000/-രൂപ ധനസഹായമായി നൽകി വരുന്നു.

11 BPL കാരായ തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം

(1) 5 വയസ്സിന് താഴെയുള്ള കുട്ടികൾ, 1-ാം ക്ലാസ്സ് മുതൽ 5 -ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് - അദ്ധ്യയന വർഷം 3000/-

(2) 6 മുതൽ 10 -ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് - 5000/-

(3) +1 മുതൽ +2 വരെയുള്ള കുട്ടികൾക്ക് - 7500/-

(4) ബിരുദ വിദ്യാർത്ഥികൾക്ക് - 10,000/-

(സർക്കാർ/എയ്ഡഡ് മേഖലയിലെ സ്ഥാനപങ്ങൾക്ക് മാത്രം)

ജയിൽ സൂപ്രണ്ടിൽ നിന്നും ശുപാർശയോടുകൂടി അപേക്ഷ സ്വീകരിച്ച് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ സമർപ്പിക്കുന്നു)

12 ഗാർഹിക പീഡനത്തിനിരയായവർക്കുള്ള ധനസഹായം - 25000/-
25000/- രൂപയ്ക്ക് മുകളിൽ ഉള്ളതിന് സർക്കാർ അനുമതി ആവശ്യമാണ്.
വുമൺ പ്രോട്ടക്ഷൻ ഓഫീസർ മുഖേന അപേക്ഷ സമർപ്പിക്കുന്നു.

13 കുറ്റവാളികളുടെ ആശ്രിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഒറ്റതവണ 15000/- രൂപ ധനസഹായം നൽകുന്നു.

14 ജയിൽ മോചിതർ/പ്രൊബേഷണർമാർ/ക്ഷേമസ്ഥാപനങ്ങളിലെ പ്രായ പൂർത്തിയായി പുറത്തേക്കുവരുന്ന അന്തേവാസികൾ തുടങ്ങിയവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി 15,000/- (ഒറ്റ തവണ)
അപേക്ഷ പ്രൊട്ടക്ഷൻ ഓഫീസർമാരുടെ ശുപാർശയിൻമേൽ സാമൂഹ്യനീതി ഡയറക്ടർമാർക്ക് നൽകുന്നു.

15 വിക്ടിം റീഹാബിലിറ്റേഷൻ - 10,000/-രൂപ വരെ
FIR സഹിതം പ്രോബേഷൻ ഓഫീസർ അപേക്ഷ സ്വീകരിച്ച് കളക്ടർ ചെയർമാനായ കമ്മിറ്റിക്ക് വയ്ക്കുകയും അംഗീകാരം ലഭിച്ച ശേഷം ഡയറക്ടർ ഫണ്ട് അനുവദിക്കുകയും ചെയ്യുന്നു.

## <u>രാജീവ് ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോളസെന്റ് ഗേൾസ് (സബലപദ്ധതി)</u>

11 മുതൽ 18 വയസ്സുവരെയുള്ള കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ആരോഗ്യപോഷണ നിലവാരം ഉയർത്തുന്നതിനും അവരുടെ വിവിധങ്ങളായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാർ പദ്ധതിയായ **സബല** (രാജീവ് ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോളസെന്റ് ഗേൾസ്) കേരളത്തിൽ നടപ്പിലാക്കുന്നതിന് കൊല്ലം, ഇടുക്കി, മലപ്പുറം, പാലക്കാട് ജില്ലകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. 2010-11 വർഷം മുതൽ പ്രസ്തുത നാല് ജില്ലകളിൽ സബല പദ്ധതി നടപ്പിലാക്കി വരുന്നു.

### <u>പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ</u>

1. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണവും വ്യക്തിത്വ വികസനവും.
2. അവരുടെ ആരോഗ്യ പോഷണ നിലവാരം ഉയർത്തുക.
3. ആരോഗ്യം, ശുചിത്വം, പോഷണം, കൗമാരപ്രായക്കാർക്ക് റീപ്രൊഡക്ടീവ് & സെക്ഷ്വൽ ഹെൽത്ത് (ARSH), കുടുംബപരിപാലനം, കുഞ്ഞുങ്ങളുടെ ആരോഗ്യം എന്നിവയിൽ അറിവ് നൽകുക.
4. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ഗൃഹകേന്ദ്രീകൃത കഴിവുകൾ, ജീവിതാധിഷ്ഠിതമായ കഴിവുകൾ എന്നിവ ഉയർത്തുകയും NSDP (നാഷണൽ സ്കിൽ

ഡെവലപ്പ്മെന്റ് പ്രോഗ്രാം ) വഴി അവരുടെ തൊഴിലധിഷ്ഠിതമായ കഴിവുകൾ ഉയർത്തുകയും ചെയ്യുക.

5. സ്കൂളിൽ നിന്നും പഠനം നിർത്തി നിൽക്കുന്ന കൗമാര പ്രായക്കാരായ കുട്ടികളുടെ ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ എടുക്കുക.
6. PHC, CHC, Post office, Bank, Police Station, ക്ഷേമനിയമങ്ങൾ പ്രകാരമുള്ള സ്ഥാപനങ്ങൾ തുടങ്ങിയവ വഴി നിലവിലുള്ള പൊതുസേവനങ്ങളെ സംബന്ധിച്ച് കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് അറിവ് പകരുക.

## ഗുണഭോക്താക്കൾ

കൊല്ലം, ഇടുക്കി, മലപ്പുറം, പാലക്കാട് ജില്ലകളിലെ 11 മുതൽ 18 വയസ്സുവരെയുള്ള കൗമാരപ്രായക്കാരായ പെൺകുട്ടികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. കുട്ടികൾക്ക് യഥാവിധം ശ്രദ്ധ നൽകുന്നതിന് 11-14 വരെയും 15-18 വരെയും എന്നിങ്ങനെ ഗുണഭോക്താക്കളെ രണ്ടായി തരം തിരിക്കുന്നു. സംസ്ഥാനങ്ങൾ തീരുമാനിക്കുന്ന സമയങ്ങളിൽ അംഗൻവാടികളിൽ ഒത്തുചേരുന്ന, സ്കൂളിൽ പോകാത്ത മുഴുവൻ കൗമാരപ്രായക്കാരായ പെൺകുട്ടികളെയും പദ്ധതി ലക്ഷ്യമിടുന്നു. മറ്റു കുട്ടികൾ അതായത് സ്കൂളിൽ പോകുന്ന കൗമാരപ്രായക്കാരായ പെൺകുട്ടികളെ മാസത്തിൽ രണ്ടു തവണയെങ്കിലും കൂടാതെ സ്കൂൾ അവധി കാലങ്ങളിലും ജീവിത നൈപുണ്യ വിദ്യാഭ്യാസം, ആരോഗ്യ പോഷണ വിദ്യാഭ്യാസം, സാമൂഹ്യ-നിയമബോധവൽക്കരണം, കുട്ടികളുടെയും വനിതകളുടെയും അവകാശങ്ങൾ എന്നീ വിഷയങ്ങൾ അംഗൻവാടികൾ വഴി പകർന്ന് നൽകുന്നു. സ്കൂളിൽ പോകുന്നതും പോകാത്തതുമായ കുട്ടികളുടെ കൂട്ടായ്മ സംഘടിപ്പിക്കുന്നതിനുള്ള അവസരം നൽകുകയും അതുവഴി സ്കൂളിൽ നിന്നും മാറി നിൽക്കുന്ന കൗമാര പ്രായക്കാരായ കുട്ടികളെ ബോധവൽക്കരിച്ച് തിരികെ സ്കൂളിൽ പ്രവേശിപ്പിക്കുന്ന കാര്യവും പദ്ധതി ലക്ഷ്യമിടുന്നു.

## സബല പദ്ധതി പ്രകാരം നൽകുന്ന സേവനങ്ങൾ

1. അനുപൂരക പോഷകാഹാരം
2. ആഴ്ചയിലൊരിക്കൽ അയൺഫോളിക് ആസിഡ് ഗുളിക
3. വർഷത്തിൽ 2 പ്രാവശ്യം വിര ഗുളിക.
4. ആരോഗ്യപരിശോധന
5. ആരോഗ്യപോഷണ വിദ്യാഭ്യാസം
6. കൗമാരപ്രായക്കാർക്ക് റിപ്രൊഡക്ടീവ് & സെക്ഷ്വൽ ഹെൽത്ത് ARSH) കുഞ്ഞുങ്ങളുടെ ആരോഗ്യം എന്നിവയിൽ അറിവ് നൽകുക.
7. ജീവിത നൈപുണ്യ വിദ്യാഭ്യാസം, സാമൂഹ്യജീവിതത്തിന് ഔദ്യോഗികമായി നിലവിലുള്ള സേവനങ്ങളെക്കുറിച്ചുള്ള അറിവ് നൽകുക.
8. അവരുടെ തൊഴിലധിഷ്ഠിതമായ കഴിവുകൾ ഉയർത്തുക.

2015-16 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ കേരളത്തിന് 4 Quarter ആയി 11,65,99,139 രൂപ അനുവദിക്കുകയും 8467.34 Mts ഗോതമ്പ് 4 ജില്ലകൾക്കായി അനുവദിച്ച് നൽകുകയും ചെയ്തു.

## ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന (IGMSY)

2010-11 വർഷത്തിൽ കേന്ദ്ര സർക്കാർ ഒരു പൈലറ്റ് പ്രോജക്ടായി 52 ജില്ലകളിൽ നടപ്പിലാക്കിയ ഒരു മാതൃത്വസഹയോഗ് യോജന സംസ്ഥാനത്ത് പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. തൊഴിൽ ചെയ്ത് ജീവിക്കുന്ന സ്ത്രീകൾക്കു അവരുടെ ഗർഭ/പ്രസവ കാലയളവിൽ ഉണ്ടാകുന്ന തൊഴിൽ/വരുമാന നഷ്ടം ചെറിയ ഒരു പരിധിവരെ പരിഹരിക്കുന്നതിനും ഗർഭ-പ്രസവ കാലയളവിൽ സ്ത്രീക്കും കുഞ്ഞിനും ആവശ്യമായ പോഷണ പരിചരണം ഉറപ്പാക്കുന്നതിനും വേണ്ടിയുള്ളതാണ് ഈ പദ്ധതി.

19 വയസ്സിനു മേൽ പ്രായമുള്ള സ്ത്രീകൾക്ക് അവരുടെ ആദ്യത്തെ രണ്ട് സജീവ ജനനത്തിന് മൂന്ന് ഗഡുക്കളായുള്ള 4000/- രൂപ വീതമുള്ള ആനുകൂല്യം നൽകി വരുന്നു. ഗർഭിണി, ഗർഭാവസ്ഥ 6 മാസം പൂർത്തീകരിക്കുന്ന മുറയ്ക്ക് ആദ്യഗഡുവായി 1500/- രൂപയും പ്രസവം കഴിഞ്ഞ് 3 മാസം പൂർത്തീകരിക്കുന്ന മുറയ്ക്ക് രണ്ടാം ഗഡുവായി 1500/-രൂപയും കുഞ്ഞിന് 6 മാസം പൂർത്തിയാകുമ്പോൾ മൂന്നാം ഗഡുവായി 1000/-രൂപയും ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നു.

കേന്ദ്ര ഭക്ഷ്യ സുരക്ഷാ നിയമം 2013 പ്രകാരം മെറ്റേണിറ്റി ബെനിഫിറ്റ് 6000/- രൂപയായി വർദ്ധിപ്പിച്ചിരുന്നു. 2013 ജൂലൈ 5 നു ശേഷം രജിസ്റ്റർ ചെയ്തവർക്കാണ് ഇപ്രകാരം ആനുകൂല്യമായി 6000/-രൂപ ലഭിക്കുന്നത്. 3000/- രൂപ വീതമുള്ള രണ്ടു ഗഡുക്കളായുള്ള ആനുകൂല്യമാണ് ലഭിക്കുന്നത്. സ്ത്രീയുടേയും അവർ പ്രസവിക്കുന്ന കുഞ്ഞിന്റേയും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ആരോഗ്യ/പോഷണ സംബന്ധമായ ചില നിബന്ധനകൾ (Anti-natal checkup, Immunization, Consumption of IFA tablet, Participation of village Health Nutrition day Celebration counselling sessions in infant/young child Pratices) പാലിക്കപ്പെടുന്ന മുറയ്ക്ക് - സാമ്പത്തികാനുകൂല്യം ഗുണഭോക്താവിന്റെ ബാങ്ക്/പോസ്റ്റാഫീസ് അക്കൗണ്ട് വഴി ഗുണഭോക്താവിന് നൽകുന്നു.

സ്ത്രീയ്ക്കോ അവരുടെ ഭർത്താവിനോ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലോ ജോലി ഇല്ലാത്ത എല്ലാ സ്ത്രീകളും പദ്ധതി ഗുണഭോക്താക്കളാകുന്നതിന് അർഹരാണ്. ഒരു ഗുണഭോക്താവിന് പ്രസ്തുത ആനുകൂല്യം പൂർണ്ണമായും ലഭിക്കുമ്പോൾ ബന്ധപ്പെട്ട അംഗൻവാടി വർക്കർക്ക് 200/-രൂപയും അംഗൻവാടി ഹെൽപ്പർക്ക് 100/- രൂപയും ഇൻസെന്റീവായി ലഭിക്കുന്നു. 'ജനനി സുരക്ഷയോജന' പ്രകാരമുള്ള സാമ്പത്തികാനുകൂല്യത്തിനും ടി ഗുണഭോക്താവ് അർഹയായിരിക്കും. പദ്ധതി നടത്തിപ്പിനായി 2015-16 സാമ്പത്തിക വർഷം 20270 ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം നൽകിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം 5,12,00,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**